mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Knanaya Vivahaacharangal
# ക്നാനായ വിവാഹാചാരങ്ങൾ




www.TheCMSIndia.org

| | |
|---|---|
| Call Number | RR-1303/WM |
| Title | Knanaya Vivahaacharangal<br>ക്നാനായ വിവാഹാചാരങ്ങൾ |
| Topic | • ക്നാനായ ആചാരങ്ങൾക്കു ഒരു രൂപരേഖ<br>• വിവാഹത്തോടനുബന്ധിച്ച വീട്ടിലെ പാട്ടുകൾ<br>• കല്യാണപ്പാട്ടുകൾ |
| Author | Kottayam Athirupatha |
| Publisher/Year | Jyothi Book House, Kottayam - 1994<br>Second Edition - 1996<br>Third Edition - 1999<br>Fourth Edition - 2004<br>Fifth edition - 2018 |
| Printed at | Catholic Mission Offset Press, Kottayam - 1 |
| Total Pages | 68 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #knanayavivahaacharangal #kottayam #Athirupatha #CatholicMissionOffsetPress #JyothiBookHouse #Malayalam #AnnLiaWilson |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# ക്നാനായ വിവാഹാചാരങ്ങൾ

കോട്ടയം അതിരൂപത

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ക്നാനായ വിവാഹാചാരങ്ങൾ

എഡിറ്റർ

ഫാ. ജോസ് പൂത്ത്യക്കയിൽ

പ്രസിദ്ധീകരണം

ജ്യോതി ബുക്ക് ഹൗസ്

കോട്ടയം-1

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

*Malayalam*

**Knanaya Vivaha Acharangal**

Editor

**Fr. Jose Poothrukayil**

First edition: April 1994
Second edition: Easter, 1996
Third edition: January 1999
Fourth edition: September 2004
Fifth edition : May 2018

Printed at:
Catholic Mission Offset Press, Kottayam - 1

Publishers:
Jyothi Book House, Kottayam

Rights reserved: The Publishers

Cover design: Lalu C Jacob

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## ഉള്ളടക്കം


പേജ്

അവതാരിക

ആമുഖക്കുറിപ്പ്

**ക്നാനായ ആചാരങ്ങൾക്ക് ഒരു രൂപരേഖ**

1. വിവാഹം ഉറപ്പിക്കൽ
2. ഒത്തുകല്യാണം 1
3. ചന്തം ചാർത്തൽ, മൈലാഞ്ചിയിടീൽ 2
4. ചന്തം ചാർത്തൽ - ചടങ്ങുകൾ 4
5. മൈലാഞ്ചിയിടീൽ - ചടങ്ങുകൾ 6
6. കല്യാണം കെട്ടികയറൽ - ചടങ്ങുകൾ 11
7. വിവാഹശേഷം വീട്ടിൽ വന്നു കഴിയുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന 15
8. ഒത്തുകല്യാണം, ദേവാലയത്തിലെ തിരുക്കർമ്മം 17

**വിവാഹത്തോടനുബന്ധിച്ച് വീട്ടിലെ പ്രാർത്ഥനകൾ**

9. ഒത്തു കല്യാണം 35
10. ചന്തം ചാർത്തൽ 38
11. മൈലാഞ്ചിയിടീൽ 39
12. വിവാഹത്തിനു പള്ളിയിലേയ്ക്കു പോകുന്നതിനുമുമ്പ് 40
13. മാമ്മോദീസായ്ക്ക് ദേവാലയത്തിലേയ്ക്കു പോകുന്നതിനുമുമ്പ് വീട്ടിൽ ചൊല്ലാവുന്ന പ്രാർത്ഥന 43



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## കല്യാണപ്പാട്ടുകൾ


| | | |
|---|---|---|
| 1. | മൈലാഞ്ചിയിടീൽ | 44 |
| 2. | ചന്തം ചാർത്തൽ | 48 |
| 3. | വിവാഹപന്തലിൽ | 52 |
| 4. | ബറുമറിയം | 55 |
| 5. | മരണക്കിടക്കയിൽ കാരണവന്മാർ നൽകുന്ന വാഴ്വ് | 55 |
| 6. | കുടുംബവിശുദ്ധീകരണ പ്രാർത്ഥന | 56 |
| 7. | യാത്ര പുറപ്പെടുമ്പോൾ - പ്രാർത്ഥന | 57 |



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# അവതാരിക

തനിമയിൽ പുലരുന്ന ജനതയാണ് ക്നാനായ സമുദായം. സ്വന്തമായ പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളുമാണ് ഈ സമുദായത്തിന്റെ തനതാത്മകതയുടെ ആധാര ശില.

സാംസ്കാരിക സവിശേഷതകൾ ഏതു സമുദായത്തിന്റെ പാരമ്പര്യങ്ങളിലും അലിഞ്ഞു ചേർന്നിരിക്കും. ക്നാനായ പാരമ്പര്യത്തിൽ ആദ്ധ്യാത്മിക പൈതൃകം കൂടി പ്രതിബിംബിക്കുന്നുവെന്നത് ശ്രദ്ധേയമായ വസ്തുതയാണ്. പ്രതികൂല സാഹചര്യങ്ങളിലും തനിമ നഷ്ടപ്പെടുത്താതെ നമ്മുടെ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിച്ച പിതാമഹന്മാരെ ആദരവോടുകൂടി നാമെന്നും ഓർക്കണം.

ഏതാനും വർഷങ്ങളായി നമ്മുടെ പാരമ്പര്യത്തോടുള്ള ആഭിമുഖ്യം വർദ്ധിച്ചു വരുന്നതിൽ നാം സന്തോഷിക്കണം. യുവതലമുറ പാരമ്പര്യത്തെ അപമാനമായിട്ടല്ല അഭിമാനമായിട്ടാണ് കാണുന്നത്. തങ്ങളുടെ സമുദായത്തിന്റെ ആത്മസ്പന്ദനങ്ങൾ അവർക്കതിൽ കേൾക്കാൻ കഴിയുന്നു. എന്നാൽ ഈ ആചാരങ്ങളുടെ അർത്ഥവും പൊരുളും ശരിയ്ക്കും മനസ്സിലാക്കാതെ അവയെ വികലമാക്കുന്ന പ്രവണത കണ്ടുതുടങ്ങിയിട്ടുണ്ട്. പുരോഗമനവാദികളെന്നു സ്വയം വിശേഷിപ്പിക്കുന്ന ചിലർ ഇവയെ മറക്കുവാനും മടിക്കുന്നില്ല. ഓരോരുത്തരും ഭാവനയനുസരിച്ച് ആചാരങ്ങളെ വ്യാഖ്യാനിക്കുന്ന പ്രവണത ഇല്ലാതാക്കുവാൻ രൂപതയിൽ നിന്നും അവയ്ക്കു ഔദ്യോഗികമായി ഒരു നിയതരൂപം നല്കുകയാണ്. രൂപതയുടെ മുഖപത്രമായ അപ്നാദേശിന്റെ ആഭിമുഖ്യത്തിൽ ഇടവക പ്രതിനിധികളെ വിളിച്ചുവരുത്തി ആചാരങ്ങളെക്കുറിച്ച് ഒരു സിമ്പോസിയം നടത്തി. ഈ സിമ്പോസിയത്തിൽ ലഭിച്ച

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖക്കുറിപ്പ്

'ക്നാനായ വിവാഹാചാര'ങ്ങളുടെ നാലാം പതിപ്പാണിത്. സമുദായസ്നേഹികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിലയിരുത്തി കുറവുകൾ നികത്തിയും വിശദീകരണം ആവശ്യമുള്ളവ ചേർത്തുമാണ് ഈ പതിപ്പു തയ്യാറാക്കിയിരിക്കുന്നത്.

കോട്ടയം രൂപതാംഗങ്ങളെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്ന പാരമ്പര്യങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നതിനും ശരിയായ രീതിയിൽ മാത്രം അവ പിൻതുടരുന്നതിനും അതുവഴി സമുദായാവബോധം നിലനിർത്തുന്നതിനുമായി രൂപതയിൽ നിന്നും ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്ന പുസ്തകമാണിത്.

കോട്ടയം രൂപതയുടെ മുഖപത്രമായ അപ്നാദേശിന്റെ ആഭിമുഖ്യത്തിൽ ക്നാനായ സമുദായത്തിലെ ആചാരങ്ങളെക്കുറിച്ച് നടത്തിയ സിമ്പോസിയമാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ വഴിയൊരുക്കിയത്. പ്രതികൂല സാഹചര്യങ്ങളിലും അനേക നൂറ്റാണ്ടുകൾ സ്വന്തം പാരമ്പര്യങ്ങൾ സംരക്ഷിക്കുവാൻ ക്നാനായ മക്കൾക്കു കഴിഞ്ഞു. എന്നാൽ, സമുദായാംഗങ്ങളിൽ ചിലർ തന്നെ ആചാരങ്ങൾ പലതിനേയും വികലമാക്കുന്നതു ശ്രദ്ധയിൽപ്പെട്ടപ്പോൾ അപ്നാദേശ് പത്രാധിപസമിതിയുടെ നിർദ്ദേശമനുസരിച്ച് പി. എം. ജോൺ പുല്ലാപ്പള്ളിൽ തയ്യാറാക്കി അപ്നാദേശ് പ്രസിദ്ധീകരിച്ച 'വികലമാക്കുന്ന വിശുദ്ധ ആചാരങ്ങൾ' എന്ന ലേഖനത്തോടു സമുദായാംഗങ്ങൾ നടത്തിയ പ്രതികരണമാണ് ഇങ്ങനെയൊരു സിമ്പോസിയം നടത്തുവാൻ അപ്നാദേശിനെ പ്രേരിപ്പിച്ചത്. ഇടവകകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പങ്കെടുത്ത ഈ സിമ്പോസിയത്തിലെ ചർച്ചകളുടെ റിപ്പോർട്ടു അഭി

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ക്നാനായ ആചാരങ്ങൾക്ക് ഒരു രൂപരേഖ

## I

## വിവാഹം ഉറപ്പിക്കൽ

### ഒത്തുകല്യാണം

1. 'വിവാഹം ഉറപ്പിക്കൽ' ആവശ്യമാണ്. കാരണം, സമൂഹത്തിന്റെ ഔദ്യോഗികാംഗീകാരം ലഭിക്കുന്ന ചടങ്ങാണിത്. ഒത്തുകല്യാണത്തോടനുബന്ധിച്ചുള്ള സൽക്കാരം വധുവിന്റെ വീട്ടിലായതിനാൽ 'ഉറപ്പിക്കൽ' വരന്റെ വീട്ടിൽ വച്ചായിരിക്കണം. വലിയ ആഘോഷമായി ഈ ചടങ്ങിനെ മാറ്റരുത്. പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തി കഴിയുന്നത്രയും ചെലവു കുറച്ചു ലളിതമായി നടത്തണം. പ്രാർത്ഥനയോടെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യണം.
2. ഒത്തുകല്യാണത്തിനു പിതൃസഹോദരൻ (ഇല്ലെങ്കിൽ പിതൃവഴിയിലെ ഏറ്റവും അടുത്തയാൾ) തമ്മിലുള്ള കൈപിടുത്തം ഉണ്ടായിരിക്കണം. രണ്ടു കുടുംബങ്ങളുടെ ശ്രേഷ്ഠരായ പ്രതിനിധികൾ ഈ ചടങ്ങിലൂടെ വാഗ്ദാനത്തിൽ പങ്കുകാരാകുകയാണ്. (ഒത്തുകല്യാണത്തിന് അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പ്രാർത്ഥന ഉപയോഗിക്കുക).
3. 'കോഴിത്തുട' സൽക്കാരവും 'വഴിവിസ്കി' നല്കലും പാടുള്ളതല്ല. വിരുന്നുമേശയിൽ മദ്യം വിളമ്പരുത്.
4. ഒത്തുകല്യാണത്തിനു സദ്യ തുടങ്ങുന്നതിനു മുമ്പായി വധുവിന്റെ അമ്മാവൻ വരന്റെ അമ്മാവനു കൈ കഴുകു

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ചന്തം (അന്തം) ചാർത്തൽ

## (ചടങ്ങുകൾ)

*ചന്തം ചാർത്തുക എന്ന വാക്കിന്റെ അർത്ഥം ഭംഗി വരുത്തുക എന്നാണ്. ബാല്യവിവാഹം നടന്നിരുന്ന കാലത്ത് ചെറുക്കനെ ആദ്യമായി ക്ഷൗരം ചെയ്തിരുന്നത് അന്നാണ്. മുഖക്ഷൗരത്തിന് രാജാക്കന്മാർ ഉപയോഗിച്ചിരുന്ന പദമാണിത്. രാജവംശത്തിൽപ്പെട്ട ക്നാനായക്കാർ ആ വാക്ക് ഉപയോഗിക്കുന്നു. പന്തലിലോ ഓഡിറ്റോറിയത്തിലോ ക്നാനായ വിവാഹത്തോടനുബന്ധിച്ചുള്ള ഏതു ചടങ്ങുകൾ ആരംഭിക്കുന്നതിനു മുമ്പും ക്നാനായ തനിമയെക്കുറിച്ചും ചടങ്ങുകളുടെ പ്രതീകാത്മകതയെക്കുറിച്ചും ഹ്രസ്വമായ ഒരു വിശദീകരണം നല്കുന്നതു അഭികാമ്യമാണ്. സദസ്യരിൽ ക്നാനായക്കാരല്ലാത്തവർക്കു ക്നാനായ വിവാഹാചാരങ്ങളുടെ പ്രത്യേകതയും ശ്രേഷ്ഠതയും മനസ്സിലാക്കുവാൻ ഇതു സഹായിക്കുമല്ലോ.*

1. വെള്ള വിരിച്ച പീഠവും കത്തിച്ച കോലുവിളക്കും (നിലവിളക്കല്ല) ചെറുക്കന്റെ സഹോദരിമാർ പന്തലിൽ സജ്ജീകരിക്കുന്നു.
2. ചെറുക്കനെ അളിയന്മാർ പന്തലിലേക്ക് ആനയിച്ച് കിഴക്കിനഭിമുഖമായി പീഠത്തിൽ ഇരുത്തുന്നു.
3. തുടർന്ന് 'മാർത്തോമ്മാൻ' എന്ന ഗാനം പാടുന്നു.
4. 'പതിനേഴു പരിഷയ്ക്കു മേൽ മാളോരോട് ചോദിക്കുന്നു, ചെറുക്കനെ ചന്തം ചാർത്തട്ടേ' എന്ന് ക്ഷുരകൻ മൂന്നുപ്രാവശ്യം ചോദിച്ച് അനുവാദം വാങ്ങി അന്തം ചാർത്തുന്നു.
5. ചന്തം ചാർത്ത് തുടങ്ങുമ്പോൾ 'അന്തംചാർത്തു' പാട്ടും, 'പൂർവ്വ യൗസേപ്പിന്റെ' യും, 'മാർ അബ്രാഹമിന്റെ'യും



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ഇരപ്പാടു നല്കുന്നയാൾ കരങ്ങൾ കഴുകി ശുദ്ധിയാക്കിയശേഷം വെൺപാൽച്ചോറിൽ ശർക്കര കൂട്ടിത്തിരുമ്മി മൂന്നു പ്രാവശ്യം ഇരപ്പാടു നല്കുന്നു. ആദരവു പ്രകടിപ്പിക്കുവാൻ ഇടതുകരം വലതു കൈമുട്ടിൽ താങ്ങിപ്പിടിച്ചുകൊണ്ടാവണം ഇരപ്പാടു നല്കേണ്ടത്. ഇരപ്പാടു നല്കുന്നതിനു മുമ്പും പിമ്പും മണവാളച്ചെറുക്കനെ കിണ്ടിയിൽ നിന്നും വെള്ളം നല്കി വായ് കഴുകിക്കണം. വെള്ളം കോളാമ്പിയിലേക്ക് വേണം തുപ്പിക്കുവാൻ(ഒരു പ്രാവശ്യം ചെയ്താൽ മതി) പിന്നീടു അളിയൻ മണവാളച്ചെറുക്കനെ വീട്ടിനുള്ളിലേയ്ക്കു കൂട്ടിക്കൊണ്ടു പോകുന്നു.

*(വിവാഹത്തിനുള്ള ക്നാനായതാലി (21 മൊട്ടുള്ളത്) തട്ടാൻ ആഘോഷമായി വിവാഹതലേന്ന് കൊണ്ടുവന്ന് വരന്റെ സഹോദരിയെ ഏൽപ്പിക്കുന്ന ചടങ്ങ് പഴയകാലത്തുണ്ടായിരുന്നത് ഇപ്പോഴും ചിലയിടത്ത് ഉണ്ട്)*

10. ചടങ്ങുകൾ പ്രാർത്ഥനയോടുകൂടി ആരംഭിക്കണം.

## മൈലാഞ്ചിയിടീൽ:

### (ചടങ്ങുകൾ)

1. വെള്ളവസ്ത്രം വിരിച്ച പീഠം ജ്യേഷ്ഠസഹോദരി സജ്ജീകരിക്കുന്നു. കത്തിച്ച കോലുവിളക്കു (നിലവിളക്കല്ല) വയ്ക്കുന്നു.
2. പീഠത്തിന്മേൽ വസ്ത്രാഭരണ വിഭൂഷിതയായ പെണ്ണിനെ ജ്യേഷ്ഠസഹോദരി കിഴക്കിനഭിമുഖമായി ഇരുത്തുന്നു.
3. ജ്യേഷ്ഠസഹോദരി മൈലാഞ്ചി അരച്ചത് പെണ്ണിന്റെ സമീപത്ത് കൊണ്ടുവന്ന് വയ്ക്കുന്നു.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

4. പാട്ടുകാർ 'മാർത്തോമ്മാൻ' എന്ന ഗാനം പാടുന്നു. തുടർന്ന് 'മൈലാഞ്ചിപ്പാട്ട്' ആരംഭിക്കുമ്പോൾ വല്യമ്മ പെണ്ണിന്റെ ഉള്ളംകയ്യിൽ മൈലാഞ്ചി പുരട്ടി രണ്ടു കയ്യും കൂട്ടിപ്പിടിക്കുകയും പാട്ടിൽ വിവരിക്കുന്ന സമയം അനുസരിച്ച് മയിലാഞ്ചിപാട്ട് 4-ാം പാദത്തിലെ "അന്നന്നുകന്നിമാർ മംഗല്യാംവാഴുവാൻ" എന്നു തുടങ്ങുമ്പോൾ കൈകാൽ, നഖങ്ങൾ മുതലായ സ്ഥാനങ്ങളിൽ മൈലാഞ്ചി പുരട്ടുകയും ചെയ്യുന്നു. മൈലാഞ്ചിപ്പാട്ട് കഴിഞ്ഞതിനുശേഷം 'മാർ യോഹന്നാന്റേ'യോ പള്ളികളുടേയോ ചിന്തുകൾ (പാട്ട്) പാടുന്നു.
5. സഹോദരി ഇച്ചപ്പാടും കിണ്ടിയും വെള്ളവും കൊണ്ടുവന്നു വയ്ക്കുന്നു.
6. പിതൃവഴിയിലുള്ള മുതിർന്ന രണ്ടുപേർക്കു കൂടി ഇച്ചപ്പാടുകൊടുക്കാം.
7. പെണ്ണിനെ സഹോദരി മുറിയിലേയ്ക്ക് കൊണ്ടുപോകുന്നു.
8. ഈ ചടങ്ങുകൾ പ്രാർത്ഥനയോടെ ആരംഭിക്കണം.

## III

## കെട്ടുകല്യാണം

1. വധൂവരന്മാർ ദേവാലയത്തിലേയ്ക്കു പുറപ്പെടുന്ന അവസരത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തണം.
2. പ്രാർത്ഥനയ്ക്കുശേഷം മുതിർന്നവർക്കു സ്തുതി ചൊല്ലുമ്പോൾ (വധൂവരന്മാരാണ് സ്തുതി വാചകം ചൊല്ലേണ്ടത്) ഈശോമിശിഹായുടെ പ്രതീകമായി കത്തിച്ച കോലുവിളക്കു വയ്ക്കണം. വല്യപ്പൻ, വല്യമ്മ, മാതൃപിതൃസഹോദരി-സഹോദരർ തുടങ്ങിയവർക്കു സ്തുതി ചൊല്ലിയശേഷം അവ



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

e) 'പാലും പഴവും നല്കൽ' മധുരം നല്കലാണ്. ഈ ചടങ്ങില്ലാത്തവർക്കാണ് കേക്കുമുറിക്കലും കരിക്കു കുടിയും മറ്റും. ക്നാനായക്കാർ പാലും പഴവും നൽകിയശേഷം വീണ്ടും കേക്കു മുറിക്കുന്നത് ഇരട്ടിപ്പാണ്. തന്മൂലം കേക്കു മുറിക്കുന്നത് അനാവശ്യമാണ്. വധൂവരന്മാർ ഒരേ പാത്രത്തിൽ നിന്നുവേണം പാലും പഴവും കുടിക്കുവാൻ, 'ഇനിമേൽ നിങ്ങൾ രണ്ടല്ല ഒന്നാണ്' എന്ന തിരുവചനം പ്രതീകാത്മകമായി ഓർമ്മിപ്പിക്കുകയാണവരെ. നല്കുന്ന വ്യക്തി പാത്രം കയ്യിൽപ്പിടിച്ചുകൊണ്ടു ആദ്യ വരനും പിന്നീടു വധുവിനും നല്കണം. പാത്രം അവരുടെ കയ്യിലേയ്ക്കു കൊടുക്കരുത്.

f) 'ഇല്ലപ്പണം' ക്നാനായക്കാരുടെ ഒരു പ്രത്യേക ചടങ്ങായതിനാൽ അതു തുടരണം. മറ്റൊരില്ലത്തിൽപ്പെട്ട പെൺകുട്ടിയെ സ്വീകരിക്കുന്നതിന് പ്രതിസമ്മാനമായി നല്കി വരുന്ന ഒരു ചെറിയ തുക നേർച്ച ഇടാനും ദാനധർമ്മങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്.

## കല്യാണം കെട്ടിക്കയറൽ

### (ചടങ്ങുകൾ)

1. മണർക്കോലം തയ്യാറാക്കി കരിമ്പടവും അതിന്മേൽ വെള്ള വസ്ത്രവും വിരിച്ചിരിക്കണം.
2. മണർക്കോലത്തിനടുത്തു വിളക്ക് കത്തിച്ചു വച്ചിരിക്കണം.
3. ദമ്പതിമാരെ അവരുടെ അമ്മാച്ചന്മാർ മൂന്നുപ്രാവശ്യം 'നട നട' വിളിച്ച് പന്തലിന്റെ വാതിക്കൽ കൊണ്ടുവന്ന് വീടിന് (പന്തലിന്) അഭിമുഖമായി നിറുത്തുന്നു.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## വിവാഹശേഷം വീട്ടിൽ വന്നു കഴിയുമ്പോൾ ചൊല്ലാവുന്ന പ്രാർത്ഥന

ലീഡർ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

സമൂ : ആമ്മേൻ

ലീഡർ: ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം

സമൂ : ആമ്മേൻ

ലീഡർ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..... (എല്ലാവരും ചേർന്ന്)

ലീഡർ: കുടുംബത്തെ സ്ഥാപിക്കുകയും കുടുംബജീവിതത്തെ ആശീർവദിച്ചു അനുഗ്രഹിക്കുകയും ചെയ്ത നല്ല ദൈവമേ ഞങ്ങൾ ഒന്നു ചേർന്നു അങ്ങയെ മഹത്വപ്പെടുത്തുന്നു. ഇന്നു ഈ കുടുംബത്തിനു നല്കിയ എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടുകൂടി ഞങ്ങൾ ഓർക്കുന്നു. ഒരു പുതിയ അംഗത്തെക്കൂടി നല്കി ഈ കുടുംബത്തെ അങ്ങു അനുഗ്രഹിച്ചിരിക്കുകയാണല്ലോ. സ്വന്തം മകളായി ഞങ്ങളെല്ലാവരും ഇവളെ(പേര്) സ്വീകരിക്കുന്നു. ഇന്നു ഇവർ ആരംഭിക്കുന്ന കുടുംബജീവിതം എന്നും ഐശ്വര്യപൂർണമായിത്തീരട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അനുഗ്രഹങ്ങളുടെ ദാതാവായ ദൈവമേ, ദൈവാലയത്തിലെ തിരുക്കർമ്മങ്ങളും മറ്റെല്ലാ ചടങ്ങുകളും അനുഗ്രഹപ്രദമാക്കിയതിനു ഒരിക്കൽക്കൂടി ഞങ്ങൾ ഒന്നു ചേർന്നു അങ്ങേയ്ക്കു നന്ദി പറയുന്നു. അമ്മേ,



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## IV

## ഒത്തുകല്യാണം
## ദേവാലയത്തിലെ തിരുക്കർമ്മം

### വിവാഹവാഗ്ദാനക്രമം

*(കാർമ്മികൻ തിരുവസ്ത്രങ്ങളിഞ്ഞ് ശുശ്രൂഷികളോടുകൂടെ പ്രദക്ഷിണമായി സങ്കീർത്തിയിൽ നിന്ന് വചനവേദിയിലേക്ക് വരുന്നു. വിവാഹനിശ്ചയം നടത്താനുള്ളവർ ബന്ധുമിത്രാദികളോടൊത്ത് ദേവാലയത്തിൽ പ്രവേശിച്ച് വചനവേദിയുടെ സമീപത്തേക്ക് വരുന്നു. പുരുഷൻ വലതുവശത്തും സ്ത്രീ ഇടതുവശത്തുമായി വചനവേദിയുടെ മുമ്പിൽ നിൽക്കുന്നു. സമീപത്ത് രണ്ടുസാക്ഷികൾ)*

ഇന്ന് നമുക്ക് ഒരു സുദിനമാണ്. സ്നേഹം പങ്കുവച്ച് പരസ്പരം ഒന്നുചേർന്നു ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകാനുള്ള അവിടുത്തെ ക്ഷണം സ്വീകരിച്ച് ഈ യുവതീയുവാക്കൾ ഇപ്പോൾ വിവാഹവാഗ്ദാനം നടത്താൻ പോവുകയാണ്. സകല സൗഭാഗ്യങ്ങളും നിറഞ്ഞ ആദ്യകുടുംബത്തിന്റെ ചിത്രവും ചരിത്രവും ഇപ്പോൾ ഇവരിൽ ഉയരുന്നുണ്ടാവാം. ഇവരുടെ ആശകളും പ്രത്യാശകളും സഫലീകരിക്കപ്പെടുന്നതിനും ഈ വിവാഹവാഗ്ദാനം അഭംഗുരം പാലിക്കപ്പെടുന്നതിനും വേണ്ടി ഈ മംഗളകർമ്മം മാർത്തോമ്മായെ സ്മരിച്ചുകൊണ്ടു നമുക്ക് ആരംഭിക്കാം.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## വിവാഹത്തോടനുബന്ധിച്ച് വീട്ടിലെ പ്രാർത്ഥനകൾ

### ഒത്തുകല്യാണം

നായകൻ: പിതാവായ ദൈവത്തിന്റെയും മിശിഹാ തമ്പുരാന്റെയും സഹായം യാചിച്ച്, എല്ലാം മംഗളമായി നടക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് ഈ ശുശ്രൂഷ തുടങ്ങാം.

മാർത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരണമേ ഇന്ന്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മെ എഴുന്നെൾകവേണം
കാരണമായവരെല്ലാരും കൂടീട്ട്-
നന്മവരുത്തിത്തരേണം
ആലാഹനായരും അമ്പൻ മിശിഹായും
കൂടെ തുണയ്ക്കായിവർക്ക്

(എല്ലാവരും കൂടി പാടുന്നു)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ, ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## വിവാഹത്തിനു പള്ളിയിലേക്കു പോകുന്നതിനു മുമ്പ്

കുടുംബനാഥൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

(സമൂഹവും കൂടി)

കുടുംബനാഥൻ: കർത്താവായ ദൈവമേ, അങ്ങ് ഒരിക്കൽക്കൂടി ഈ ഭവനത്തെ പ്രത്യേകമാംവിധം സന്ദർശിക്കുവാൻ തിരുമനസ്സായല്ലോ. അങ്ങയുടെ ദാസനും (ദാസിയും) ഞങ്ങൾക്കു പ്രിയപ്പെട്ട മകനും (പ്രിയപ്പെട്ട മകളും) ആയ —ന്റെ വിവാഹദിവസം ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങേപ്പക്കലേയ്ക്കു ഞങ്ങൾ ഉയർത്തുന്നു. ഞങ്ങളുടെ വഴിയും വഴികാട്ടിയുമായ കർത്താവേ, സർവ്വപ്രത്യാശയും ഞങ്ങൾ അങ്ങിൽ സമർപ്പിച്ച് ഈ ദാസനെ(ദാസിയെ) ഞങ്ങളിതാ വിവാഹത്തിനായി ഒരുക്കി വിശുദ്ധ അൾത്താരയിങ്കലേയ്ക്ക് യാത്രയയയ്ക്കുന്നു. കനിവോടെ തൃക്കൺ പാർക്കണമേ, നിത്യനായ സർവ്വേശ്വരാ.

എല്ലാവരും: ആമ്മേൻ.

കുടുംബനാഥൻ: ദൈവം രൂപകല്പന ചെയ്തു മെനഞ്ഞെടുത്ത കുടുംബത്തെ ദൈവം സംരക്ഷിക്കും. ആ സംരക്ഷണം നമ്മുടെ കുടുംബത്തിനു ഏറ്റം ആവശ്യമായ സമയമാണിത്. നമുക്കെല്ലാവർക്കും കർത്താവേ, ഞങ്ങൾ അങ്ങിൽ ആശ്രയിക്കുന്നു എന്നു ഏറ്റു പറഞ്ഞു പ്രാർത്ഥിക്കാം.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# മാമ്മോദീസായ്ക്കു ദേവാലയത്തിലേയ്ക്കു പോകുന്നതിനുമുമ്പു വീട്ടിൽ ചൊല്ലാവുന്ന പ്രാർത്ഥന

ലീഡർ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂ : ആമ്മേൻ

ലീഡർ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

സമൂ : ആമ്മേൻ

ലീഡർ: ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും പ്രത്യാശയും എന്നേയ്ക്കും

സമൂ : ആമ്മേൻ

ലീഡർ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......

പിതാവായ ദൈവമേ, അങ്ങയുടെ അനന്തമായ കാരുണ്യത്തെ നന്ദിയോടുകൂടി ഞങ്ങൾ ഓർക്കുന്നു. ഈ കുടുംബത്തിനു നല്കിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും ഓർത്തു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ജ്ഞാനസ്നാനം നല്കുന്നതിനായി ദേവാലയത്തിലേയ്ക്കു ഞങ്ങൾ ഇപ്പോൾ കൊണ്ടുപേകുന്ന ഈ മകനെ/മകളെ അവിടുത്തെ തിരുമുമ്പിൽ ഞങ്ങൾ കാഴ്ചയായി സമർപ്പിക്കുന്നു. ഇന്നു സഭയിൽ അംഗമായിത്തീരുന്ന ഈ കുഞ്ഞ് ഈ കുടുംബത്തിനു താങ്ങും തണലുമായി മാറട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. മാമ്മോദീസാ സ്വീകരിക്കുന്ന ഈ മകനെ/മകളെ എന്നും വിശുദ്ധിയിൽ അങ്ങു കാത്തുകൊള്ളണമേ. പരിശുദ്ധാത്മാവിന്റെ കൃപകളാൽ ഈ കുഞ്ഞിനെ നിറയ്ക്ക



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

ണമേ. കാവൽമാലാഖയുടെ സാന്നിദ്ധ്യം എന്നും ഈ കുഞ്ഞിനു ഉണ്ടാകട്ടെയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മേ, തിരുക്കുമാരനോടു ഈ കുഞ്ഞിനായി എന്നും മദ്ധ്യസ്ഥം യാചിക്കണമേ.

നന്മ നിറഞ്ഞ മറിയമേ സ്വസ്തി.........

## കല്യാണപ്പാട്ടുകൾ

### I മൈലാഞ്ചിയിടീൽ

#### 1. മാർത്തോമ്മാൻ

മാർത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്ന്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മെയെഴുന്നൾക വേണം
കന്തീശനായനെഴുന്നള്ളി വന്നിട്ട്
കർപ്പൂരപ്പന്തലകമേ
കൈകൂപ്പിനേർന്നു ഞാൻ പെറ്റുവളർത്തൊരു
കന്നിമകളെ ഞാൻ നിന്നെ
തോളും തുടയും മുഖവും മണിമാറും
യോഗത്താലെ പരിശുണ്ട്
എന്റെ മകളെ പരമേറ്റിവയ്പോളും
ഏന്മനസ്സോ പതറുന്നു
നെല്ലുമാനീരും പരമേറ്റി വെച്ചാറേ
എന്മനസ്സോ തെളിയുന്നു
ചെമ്പകപ്പൂവിൻ നിറം ചൊല്ലാം പെണ്ണിന്
ചെമ്മേയരുൾ പെറ്റ പെണ്ണ്



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## ബറുമറിയം

ബറുമറിയം ബറുമറിയം ബറ ആലാഹാദ്യെൽദസ് മറിയം
ഹാവീ കൌക്കെ ബറുമറിയം അൽ നിവിയൂസാ ബറുമറിയം
കന്തെശ് മയ്യാ ബറുമറിയം ബ് മാമ്മോദീസെ ബറുമറിയം
ഏകൽ പെസഹാ ബറുമറിയം അംതൽ മീദാവു ബറുമറിയം
ശന്തറ്റൂഹാ ബറുമറിയം ഫറേക്ക്ലേത്താ ബറുമറിയം
ശൂഹാ ലശ്മാക് ബറുമറിയം മിൻകോൽ പൂമ്മീൻ ബറുമറിയം
ല്ലആലം അൽമീൻ ബറുമറിയം ആമ്മേനുവാമ്മേൻ ബറുമറിയം

## മരണക്കിടക്കയിൽ കാരണവന്മാർ നൽകുന്ന വാഴ്വ്

"ദൈവം അബ്രാഹത്തിനു കൊടുത്ത വാഴ്വ്, അബ്രാഹം ഇസഹാക്കിനു കൊടുത്ത വാഴ്വ്, ഇസഹാക്ക് യാക്കോബിനു കൊടുത്ത വാഴ്വ്, യാക്കോബ് എന്റെ പിതാക്കന്മാർക്ക് കൊടുത്ത വാഴ്വ്, എന്റെ പിതാക്കന്മാർ എനിയ്ക്കു തന്ന വാഴ്വ് എന്റെ മകനേ (മകളേ) നിനക്കു ഞാൻ തരുന്നു".

✣ ✣ ✣



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ക്നാനായ വിവാഹാചാരങ്ങൾ

കോട്ടയം അതിരൂപത ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്ന ക്നാനായ വിവാഹാചാരങ്ങളുടെ രൂപരേഖ. ഒത്തുകല്യാണത്തിനു ദേവാലയത്തിൽ ഉപയോഗിക്കുന്നതിനു ക്നാനായ പാരമ്പര്യങ്ങളുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പ്രാർത്ഥനാ ശുശ്രൂഷ. വിവാഹച്ചടങ്ങുകളോടനുബന്ധിച്ച് വീട്ടിൽ നടത്താവുന്ന പ്രാർത്ഥനാക്രമങ്ങളും പുരാതനപ്പാട്ടുകളും. ക്നാനായ കത്തോലിക്കർക്കൊരു ഹാൻഡ് ബുക്ക്.

പ്രസിദ്ധീകരണം

ജ്യോതി ബുക്ക് ഹൗസ്
കോട്ടയം

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org